പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3280 — 14.10.2011-ൽ മറുപടിയ്ക്ക്

എസ്. സി./ എസ്. റ്റി സെക്ടർ വിഹിതം.

| ചോദ്യം<br>ശ്രീ. ബി സത്യൻ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2011 - 12 വർഷത്തിൽ ജില്ലാതലത്തിൽ എസ്. സി / എസ്. റ്റി. സെക്ടർ വഴി എത്ര തുകയാണ് വൈദ്യുത മേഖലയിൽ വിഹിതമായി ലഭിക്കുന്നത് ; | (എ) | 2011-12 വർഷത്തിൽ എസ്. സി/ എസ്. ടി സെക്ടർ വഴി വൈദ്യുതി മേഖലയ്ക്ക് വിഹിതം അനുവദിച്ചു നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിവഴി വർക്കിംഗ് ഗ്രൂപ്പിലേക്ക് നിർദ്ദേശം സമർപ്പിക്കുന്നതിന് എം. എൽ. എ. മാർക്കുകൂടി അവസരം നൽകുമോ ; | (ബി) | ജനപ്രതിനിധികളുടെ നിർദ്ദേശങ്ങൾ അതാത് ജില്ലകിൽ സമർപ്പിച്ച് വൈദ്യുതീകര ണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് ജില്ലാ പട്ടികജാതി/പട്ടിക വർഗ്ഗ വിക സന വകുപ്പ് വഴി വർക്കിംഗ് ഗ്രൂപ്പി ന്റെ പരിഗണനയ്ക്ക് വേണ്ടി സമർപ്പിക്കാവുന്നതാണ്. |
| (സി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ, ലൈൻ എക്സ്റ്റൻഷൻ, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ ; | (സി) | എല്ലാ മാസവും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡി. ഡി. സി (ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മിറ്റി) കൂടുന്നുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ, ലൈൻ എക്സ്റ്റൻഷൻ, തെരുവ് വിളക്ക് സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങൾ ഈ വേദിയിൽ ചർച്ച ചെയ്യാവുന്നതാണ്. കൂടാതെ, നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി 04-07-2011-ലെ G.O (Rt) 143/2011/PD നമ്പർ ഉത്തരവ് |

പ്രകാരം എം. എൽ. എ. മാരുടെ നേതൃത്വത്തിൽ കെ. എസ്. ഇ. ബി. ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനർ ആയിട്ടുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ ?

(ഡി) വോൾട്ടേജ് കുറവുള്ള പ്രദേശങ്ങൾ കണ്ടെത്തി അവ VI/SI (വോൾട്ടേജ് ഇംപ്രൂവ്മെൻറ്/സിസ്റ്റം ഇംപ്രൂവ്മെൻറ്) പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ബോർഡിൻെറ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ കരാറടിസ്ഥാനത്തിലോ ബോർഡ് ജീവനക്കാരെകൊണ്ടോ പൂർത്തീകരിക്കുകയാണ് ചെയ്തു വരുന്നത്.

ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ ഗുണഭോക്താക്കൾ ചെലവ് അടയ്ക്കുന്ന മുറയ്ക്കാണ് നടപ്പിലാക്കി വരുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ വേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക ബോർഡിൽ അടയ്ക്കുകയോ അല്ലെങ്കിൽ തെരുവ് വിളക്കുകൾ തെളിയിക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകി അതിൻെറ ലേബർ ചാർജ്ജ് ബോർഡിൽ അടയ്ക്കുകയോ ആണ് ചെയ്യുന്നത്. ബോർഡ് ടി പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിലോ ബോർഡ് ജീവനക്കാർ മുഖേനയോ പൂർത്തീകരിയ്ക്കുന്നു.

സെക്ഷൻ ഓഫീസർ.